പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 375 | 15.07.2015 ൽ മറുപടിക്ക്

## നേഴ്സ്മാരുടെ റിക്രൂട്ടിംഗ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.എ.മാധവൻ | | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി | |
| (എ) | വിദേശത്ത് ജോലി ചെയ്യാൻ ഉദ്ദേശിക്കുന്ന നേഴ്സ്മാരുടെ റിക്രൂട്ട്മെന്റ് സംസ്ഥാന സർക്കാരിന്റെ റിക്രൂട്ടിംഗ് എജൻസി വഴി മാത്രമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | 12.03.2015 ൽ കേന്ദ്ര പ്രവാസി ഭാരതീയ കാര്യമന്ത്രാലയം പുറത്തിറക്കിയ ഉത്തരവ് പ്രകാരം ഇ.സി.ആർ രാജ്യങ്ങളിലേക്കുള്ള നഴ്സമാരുടെ നിയമനാധികാരം കേരള സർക്കാരിന്റെ കീഴിലുള്ള നോർക്ക റൂട്ട്സ്, ഒ.ഡി.ഇ.പി.സി. ലിമിറ്റഡ്, തമിഴ്നാട് സർക്കാരിന്റെ ഒ.എം.സി. ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് മാത്രമാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | നഴ്സിംഗ് റിക്രൂട്ട്മെന്റ് രംഗത്ത് നടന്നു വന്നിരുന്ന ചൂഷണങ്ങൾ ഒഴിവാക്കി സർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ സുതാര്യമായ ഒരു നിയമനപ്രക്രിയ ഇതുമൂലം സജ്ജമാകും. സ്വകാര്യ ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഏത് റിക്രൂട്ടിംഗ് ഏജൻസി വഴിയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | കേരള സർക്കാരിന്റെ കീഴിലുള്ള നോർക്ക റൂട്ട്സ്, ഒ.ഡി.ഇ.പി.സി. ലിമിറ്റഡ്, തമിഴ്നാട് സർക്കാരിന്റെ ഒ.എം.സി. ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെയാണ് ഈ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. |
| (ഡി) | എന്തെല്ലാം ഗുണങ്ങളും സൗകര്യങ്ങളുമാണ് ഇത് വഴി നേഴ്സ്മാർക്ക് ലഭിക്കുന്നത് ? | (ഡി) | സ്വകാര്യ ഏജൻസികളുടെ ചൂഷണത്തിൽ നിന്നുള്ള രക്ഷ, സുരക്ഷിതമായ ജോലി, വാഗ്ദാനം ലഭിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും,ഉറപ്പ് വരുത്തുക, വിദേശത്ത് തൊഴിൽ ദാതാക്കളിൽ നിന്നും ഉണ്ടാകാനിടയുള്ള പീഡനങ്ങളിൽ നിന്നുള്ള സുരക്ഷ, കുറഞ്ഞ സർവ്വീസ് ചാർജ്, തുടങ്ങിയവയാണ് ഇതു വഴി നഴ്സുമാർക്ക് ലഭിക്കാവുന്ന ഗുണങ്ങൾ . |

---

സെക്ഷൻ ഓഫീസർ